DESPATCHED
On...05/03/2020
14.12.20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 689(*2)/2014*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 8598/*എസ്.ഐ.സി-ജി 6/2014*)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീമതി. പത്മിനി. കെ. എം<br>പുളിയുള്ളതിൽ വീട്<br>പതിയാരക്കര.പി.ഒ, വടകര–0496 2536835 | പരാതി ഹർജിക്കാരൻ |

**Vs**

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>വില്ലേജ് ഓഫീസർ<br>പാലയാട്<br>പാലയാട് നട.പി.ഒ | എതിർകക്ഷി |

## ഉത്തരവ്

പരാതി ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ വ്യക്തമായ മറുപടി കിട്ടിയിട്ടില്ല എന്നും ആയതിനാൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. എസ്.പി.ഐ.ഒ.യുടെ മൊഴി രേഖപ്പെടുത്താൻ 10.10.2019ൽ കമ്മീഷൻ ആസ്ഥാനത്ത് എല്ലാ രേഖകളും ഉൾപ്പെടെ ഹാജരാകുവാൻ സമൻ ചെയ്യുകയും, എസ്.പി.ഐ.ഒ ഹാജരാകുകയും മുൻ ഹിയറിംഗിന് ഹാജരാകത്തതിന് കാരണം ബോധിപ്പിക്കുകയും, സമർപ്പിച്ച റിപ്പോർട്ടിൽ പാലയാട് വില്ലേജിൽ പതിയാരക്കര ദേശത്ത് റിസ 75/9 ൽ 28.03 ആർ ഭൂമി വില്ലേജിലെ രേഖകളിലുണ്ടെങ്കിലും, പരാതിക്കാരി 19.43 ആർ ഭൂമിയുടെ ആധാരവും പട്ടയവും മാത്രമേ ഹാജരാക്കിയിട്ടുള്ളുവെന്നും, ടി വസ്തുവിന്റെ കൈവശം ഉറപ്പ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ 12.07.2019 ന് 28.03 ആറിന് നികുതി സ്വീകരിച്ചിട്ടുണ്ടെന്നും ഹർജിക്കാരിയുടെ ആവശ്യം തീർപ്പാക്കിയെന്നും അറിയിച്ചു.

3. പരാതി ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരി വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് മറുപടി നൽകിയെന്നതിനാലും ടിയാളുടെ ആവശ്യം തീർപ്പാക്കിയതിനാലും ടി പരാതി ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേദിവസം 2020 ജനുവരി 14-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM

RIGHT TO INFORMATION



res